**ഭരണഭാഷ-മാതൃഭാഷ**

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

എസിഡി.ബി1/39187/2012

തീയതി : 15/11/2012

## സർക്കുലർ

വിഷയം: ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - സ്കൂളിൽ നിന്ന് പഠനയാത്ര പോകുന്നത് സംബന്ധിച്ച് പാലിക്കേണ്ട നിർദ്ദേശങ്ങൾ - ഭേദഗതി സംബന്ധിച്ച് -

സൂചന :1 28.04.2012-ലെ ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലർ
2 ഈ ഓഫീസിൽ ലഭിച്ച വിവിധ അപേക്ഷകൾ/പരാതികൾ

ഹയർസെക്കന്ററി സ്കൂളുകളിൽ നിന്നും പഠനയാത്ര പോകുന്നത് സംബന്ധിച്ച സൂചന സർക്കുലറിലെ ഒന്നാമത്തെ നിർദ്ദേശത്തിന് ചുവടെ പറയുന്ന രീതിയിൽ ഭേദഗതി വരുത്തുന്നു.

1. അദ്ധ്യയന വർഷത്തിൽ ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ പഠനയാത്ര നടത്താവുന്നതാണ്. രക്ഷകർത്താക്കളിൽ നിന്നും നിർബന്ധമായും സമ്മതപത്രം വാങ്ങേണ്ടതും അവർക്ക് Tour Schedule നൽകേണ്ടതുമാണ്. കൂടാതെ താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണ്.
   (1) Continuous Evaluation മായി ബന്ധപ്പെട്ട പ്രോജക്ടിനു വേണ്ടിയുള്ള ഫീൽഡ് വർക്കിന് പ്രസ്തുത ടീച്ചറിന്റെ - undertaking-നുമേൽ പ്രിൻസിപ്പലിന്റെ അനുമതി മാത്രം മതിയാവും. പ്രസ്തുത ഫീൽഡ് വർക്ക് രാവിലെ തുടങ്ങി വൈകുന്നേരത്തിനുള്ളിൽ അവസാനിപ്പിക്കേണ്ടതാണ്. ഇതൊരു field trip മാത്രമായിരിക്കും. ബോട്ട് യാത്ര കഴിവതും ഒഴിവാക്കണം. Non teaching വിഭാഗത്തിൽ നിന്നും willing ആയിട്ടുള്ളവർ ഉണ്ടെങ്കിൽ അവരെക്കൂടി ടൂറിൽ ഉൾപ്പെടുത്താവുന്നതാണ്. രക്ഷിതാക്കൾക്ക് താങ്ങാൻ കഴിയുന്ന നിരക്കിലുള്ള ഫീസ് മാത്രമേ ഈടാക്കാവു. പ്രിൻസിപ്പൽ / അദ്ധ്യാപകർ എന്നിവരുടെ കുടുംബാംഗങ്ങൾ ഉൾപ്പെടുന്ന സംഘത്തെ പഠനയാത്രയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.
   (2) ബാച്ചുകൾ / കുട്ടികൾ കൂടുതലുള്ള ഹയർസെക്കന്ററി സ്കൂളുകളിൽ നിന്നും ബാച്ചുകളായോ / ക്ലാസ്സുകളായോ പഠനയാത്ര നടത്താൻ താത്പര്യപ്പെടുന്നുവെങ്കിൽ സൗകര്യപ്രദമായ രീതിയിൽ യാത്ര ക്രമീകരിക്കേണ്ടത് പി.ടി.എ യുടെയും സ്കൂൾ പ്രിൻസിപ്പാളിന്റെയും ഉത്തരവാദിത്വമാണ്. പ്രസ്തുത സ്കൂൾ പ്രിൻസിപ്പാൾമാരുടെ recommendation-ൽ ബന്ധപ്പെട്ട ആർ.ഡി.ഡി പ്രത്യേക അനുമതി നൽകേണ്ടതാണ്. സൂചനയിലെ സർക്കുലറിലെ മറ്റ് നിർദ്ദേശങ്ങളെല്ലാം കർശനമായി പാലിക്കേണ്ടതാണ്.

ഡയറക്ടർ

23/Jav/17.11.12